**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **20-03-2013-ലെ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ. 885.**

## തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എം.എ.വാഹിദ് : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിക്കായി 2012-13 പ്ളാൻ ബജറ്റിൽ 2230-01-103-15 ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 17/10/2012-ലെ സർക്കാർ ഉത്തരവ് (സാധാ).1657/12/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ അംഗീകാരത്തിനു വിധേയമായി ടി തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) 1951-ലെ പ്ളാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടുകൂടി മെച്ചപ്പെട്ട താമസ സൗകര്യമൊരുക്കി തോട്ടങ്ങളിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം വിഭാഗം തോട്ടം തൊഴിലാളികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) 1951-ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ സഹായം അഭ്യർത്ഥിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**